# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## 47-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിച്ചുരുക്കം

**തീയതി : 26.05.2018**

**പങ്കെടുത്തവർ**

1. ഡോ. ധർമ്മരാജൻ പി.കെ., വൈസ് ചാൻസലർ - ഒപ്പ്
2. ഡോ.കെ.എസ്.രവികുമാർ, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ.ടി.പി. രവീന്ദ്രൻ, രജിസ്ട്രാർ - ഒപ്പ്
4. ഡോ.ഷാജി വർക്കി, ഡീൻ, ഫാക്കൽറ്റി ഓഫ് ആർട്സ് ആന്റ് സോഷ്യൽ സയൻസ് - ഒപ്പ്
5. ഡോ.ബാബു ജോസഫ്, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
6. ഡോ.ശിവദാസൻ പി., എമിനന്റ് സ്കോളർ, അക്കാദമിക് കൗൺസിൽ അംഗം - ഒപ്പ്
7. പ്രൊഫ.കെ.കെ.വിശ്വനാഥൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
8. ഡോ.നെസി ഡാനിയേൽ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
9. ഡോ.കെ.ജി.രാമദാസൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
10. ഡോ.അതൗള്ള ഖാൻ, ഉറുദു വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
11. ഡോ.ഷംഷാദ് ഹുസൈൻ കെ.ടി., തിരഞ്ഞെടുക്കപ്പെട്ട അംഗം, അക്കാദമിക് കൗൺസിൽ- ഒപ്പ്
12. ഡോ.ശതകോപതതാചാര്യ, ഡീൻ, ഫാക്കൽറ്റി ഓഫ് ഇന്ത്യൻ ലോജിക് - ഒപ്പ്
13. ഡോ.വി.ആർ.മുരളീധരൻ, സംസ്കൃത സാഹിത്യം വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
14. ഡോ.ദിലീപ് കെ.ജി., സോഷ്യോളജി വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
15. ഡോ.ലൂക്കോസ് ജോർജ്, കായിക വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
16. ശ്രീ.സാജു ടി.എസ്., ചിത്രകലാ വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
17. ഡോ.എൻ.ജന്നി റപ്പായി, ഇംഗ്ലീഷ് വകുപ്പദ്ധ്യക്ഷ - ഒപ്പ്
18. ഡോ.അബൂ കെ.എം., ഡാൻസ് വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
19. ശ്രീ മധു എ.കെ., തീയറ്റർ വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
20. അൻജുന കെ.എം. , യൂണിവേഴ്സിറ്റി യൂണിയൻ ചെയർപേഴ്സൺ - ഒപ്പ്
21. നിഷ എം.എസ്., വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
22. ഡോ.എച്ച്.പൂർണ്ണിമ, സംസ്കൃതം ജനറൽ വകുപ്പദ്ധ്യക്ഷ - ഒപ്പ്
23. ഡോ.രേഷ്മ ഭരദ്വാജ് , സോഷ്യൽ വർക്ക് വകുപ്പദ്ധ്യക്ഷ - ഒപ്പ്
24. ഡോ.മഞ്ജു ഗോപാൽ , സംഗീതം വകുപ്പദ്ധ്യക്ഷ - ഒപ്പ്
25. ഡോ.ശാന്തി നായർ, ഹിന്ദി വകുപ്പദ്ധ്യക്ഷ - ഒപ്പ്
26. ഡോ.വത്സലൻ വി.എ. , മലയാളം വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
27. ഡോ.ബിജു വി., തിരഞ്ഞെടുക്കപ്പെട്ട അംഗം, അക്കാദമിക് കൗൺസിൽ - ഒപ്പ്
28. ഡോ.സാജു ടി.എസ്., തിരഞ്ഞെടുക്കപ്പെട്ട അംഗം, അക്കാദമിക് കൗൺസിൽ - ഒപ്പ്
29. ഡോ.ടി.ജി.ശ്രീകുമാർ, ഡീൻ, ഫാക്കൽറ്റി ഓഫ് അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് - ഒപ്പ്
30. ഡോ.ജേക്കബ് തോമസ് പുതുപ്പള്ളി, ആയുർവേദ വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
31. ഡോ.കെ.മുത്തുലക്ഷ്മി, സംസ്കൃതം വേദാന്തം വകുപ്പദ്ധ്യക്ഷ & തിരഞ്ഞെടുക്കപ്പെട്ട അംഗം, അക്കാദമിക് കൗൺസിൽ - ഒപ്പ്
32. ഡോ.കെ.എ.രവീന്ദ്രൻ, കോ-ഓർഡിനേറ്റർ, സെന്റർ ഫോർ സാൻക്രിറ്റ് വേദിക് സ്റ്റഡീസ്- ഒപ്പ്
33. ഡോ.കെ.വി.അജിത് കുമാർ, കോ-ഓർഡിനേറ്റർ, കംപാരറ്റീവ് ലിറ്ററേച്ചർ & ലിംഗ്വിസ്റ്റിക്സ്-ഒപ്പ്
34. ഡോ.യമുന കെ., തിരഞ്ഞെടുക്കപ്പെട്ട അംഗം, അക്കാദമിക് കൗൺസിൽ - ഒപ്പ്
35. ഡോ.കെ.കെ.അംബികാ ദേവി , സംസ്കൃതം ന്യായം വകുപ്പദ്ധ്യക്ഷ - ഒപ്പ്
36. ഡോ.എൻ വിജയമോഹനൻ പിള്ള, മാനുസ്ക്രിപ്റ്റോളജി കോ-ഓർഡിനേറ്റർ - ഒപ്പ്

37. ഡോ.പസ്‌ലിത്തിൽ എ., ഹിസ്റ്ററി വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
38. ഡോ.എബി കോശി, ഫിലോസഫി വകുപ്പദ്ധ്യക്ഷൻ - ഒപ്പ്
39. ഡോ.എസ്.വിജയകുമാരി, വാസ്തുവിദ്യ വകുപ്പദ്ധ്യക്ഷന്റെ ചുമതല വഹിക്കുന്ന അധ്യാപിക - ഒപ്പ്
40. ഡോ.എം.കുഞ്ഞുമൊയ്തീൻ കുട്ടി, കോ-ഓർഡിനേറ്റർ, അറബിക് - ഒപ്പ്
41. ഡോ.എം.എസ്.മുരളീധരൻ പിള്ള , ഡീൻ, ഇന്ത്യൻ മെറ്റാഫിസിക്സ് - ഒപ്പ്
42. ഡോ.സജിത കെ.ആർ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
43. ഡോ.ടി.മിനി, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
44. ഡോ.എം.മണിമോഹനൻ, ഡീൻ, സാൻസ്ക്രിറ്റ് ഗ്രാമർ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
45. ഡോ.കെ.എം.സംഗമേശൻ, തിരഞ്ഞെടുക്കപ്പെട്ട അംഗം, അക്കാദമിക് കൗൺസിൽ - ഒപ്പ്

47-ാമത് അക്കാദമിക് കൗൺസിൽ യോഗം മൗനപ്രാർത്ഥനയോടു കൂടി ആരംഭിച്ചു.

## I അഭിസംബോധന (Introduction by the Chair)

### 47 -ാമത് അക്കാദമിക് കൗൺസിൽ യോഗത്തിലേക്കുള്ള വൈസ് ചാൻസലറുടെ റിപ്പോർട്ട്

ഡോ. ധർമ്മരാജൻ പി. കെ എന്ന ഞാൻ വൈസ് ചാൻസലറുടെ പൂർണ്ണ ചുമതല 30.11.2017 അപരാഹ്നത്തിൽ ഏറ്റെടുത്തതിനു ശേഷം വിളിച്ചുചേർക്കുന്ന പ്രഥമവും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 47-ാമത്തേതുമായ അക്കാദമിക് കൗൺസിൽ യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർക്കും, മുൻ ഭക്ഷ്യ മന്ത്രി ശ്രീ. ചന്ദ്രശേഖരൻ നായർ, ചെങ്ങന്നൂർ എം.എൽ.എ ശ്രീ. കെ.കെ രാമചന്ദ്രൻ നായർ, സർവകലാശാലാ ജീവനക്കാരനായിരുന്ന ശ്രീ. ബിജു. പി.ബി, പ്രശസ്ത തുള്ളൽ കലാകാരൻ കലാമണ്ഡലം ഗീതാനന്ദൻ, പ്രമുഖ ഭൗതികശാസ്ത്രജ്ഞൻ ഡോ. സ്റ്റീഫൻ ഹോക്കിംഗ്, ഇന്ത്യൻ സിനിമാരംഗത്തെ പ്രശസ്ത അഭിനേത്രി ശ്രീമതി. ശ്രീദേവി, പ്രശസ്ത സാഹിത്യകാരൻ ശ്രീ. എം. സുകുമാരൻ, സംസ്കൃത പണ്ഡിതനും കവിയുമായ ശ്രീ. മുതുകുളം ശ്രീധർ, കോസ്റ്റ് ഫോർഡ് ഡയറക്ടറും സാംസ്കാരിക പ്രവർത്തകനുമായ ശ്രീ. ടി.ആർ ചന്ദ്രദത്ത്, വനിതാ കമ്മീഷൻ മുൻഅദ്ധ്യക്ഷ റിട്ടയേർഡ് ജസ്റ്റിസ് ബി. ശ്രീദേവി, കുരങ്ങിണി വനത്തിലു ായ തീപിടുത്തത്തിൽ ദാരുണമായി മരണമടഞ്ഞവർ, ദാരുണമായി കൊല്ലപ്പെട്ട ആദിവാസി യുവാവ് മധു, പ്രമുഖ ഫിഷറീസ് ശാസ്ത്രജ്ഞനും കേരള കാർഷിക സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന ഡോ. ഇ.ജി. സൈലാസ്, പ്രശസ്ത അഭിനേതാവായിരുന്ന ശ്രീ. കലാശാലാ ബാബു, ലോക പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനായിരുന്ന ഡോ. ഇ.സി.ജി സുദർശൻ, എന്നിവരുടെ നിര്യാണത്തിലും, നമ്മിൽ നിന്നും വേർപിരിഞ്ഞ മറ്റ് കലാ സാംസ്കാരിക, രാഷ്ട്രീയ രംഗത്തുള്ളവരുടെയും മറ്റ് മേഖലകളിലുള്ളവരുടേയും നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

30.11.2017നു ചേർന്ന 46-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിനു ശേഷം ഈ സർവകലാശാലയിലു ായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഡിസംബർ 11 -ാം തീയതി ബഹു. കേരള മുഖ്യ മന്ത്രി ശ്രീ. പിണറായി വിജയൻ സംസ്കൃത സർവകലാശാല രജത ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. സംസ്കൃതത്തിലുള്ള വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളെല്ലാം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് സർവകലാശാല മുൻകൈ എടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മുൻ വൈസ് ചാൻസലർമാരായ ശ്രീ. ആർ രാമചന്ദ്രൻ നായർ, ഡോ. എൻ.പി. ഉണ്ണി, ഡോ.കെ.എൻ പണിക്കർ ഡോ.കെ.എസ്. രാധാകൃഷ്ണൻ, ഡോ. ജെ.പ്രസാദ്, ഡോ.എം.സി. ദിലീപ് കുമാർ എന്നിവരെ ഈ ചടങ്ങിൽ ആദരിച്ചു. അനാരോഗ്യം കാരണം ചടങ്ങിന് എത്താൻ കഴിയാതിരുന്ന ഡോ. കെ.എൻ പണിക്കർക്ക് പകരം അദ്ദേഹത്തിന്റെ ശിഷ്യയായ ഡോ. കെ.എം.ഷീബ ആണ് പുരസ്കാരം ഏറ്റു വാങ്ങിയത്. രജത ജൂബിലി ലോഗോ രൂപകൽപന പുരസ്കാരവും, കാലടി ഗ്രാമ പഞ്ചായത്ത് മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി സർവകലാശാല സ്ഥിതി ചെയ്യുന്ന വാർഡിലെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായത്തിന്റെ ആദ്യ ഗഡു വിന്റെ വിതരണവും ഈ ചടങ്ങിൽ നടത്തി. ദൃശ്യകലാ വിദ്യാർത്ഥികൾ രചിച്ച "ആധുനിക മലയാള ദൃശ്യകല - ചരിത്രവും വ്യവഹാരവും" എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. പണ്ഡിറ്റ് സുബ്ബരാമ ഭട്ടർ എൻഡോവ്മെന്റ് ഏർപ്പെടുത്തുന്നതിനായി 15 ലക്ഷം രൂപ അദ്ദേഹത്തിന്റെ കുടുംബാംഗമായ ശ്രീ. ആർ വെങ്കിട കൃഷ്ണനിൽ നിന്നും ചടങ്ങിൽ സ്വീകരിച്ചു.
2. ദക്ഷിണ മേഖല വൈസ് ചാൻസലർമാരുടെ സമ്മേളനം കോഴിക്കോട് സർവകലാശാലയിൽ വച്ച് ഡിസംബർ 18,19 തീയതികളിൽ നടന്നു. ഡിസംബർ 18-ാം തീയതി ബഹു. കേരള ഗവർണർ ജസ്റ്റിസ് പി സദാശിവം ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ പങ്കെടുത്തു.
3. രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജനുവരി 9,10 തീയതികളിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു.
4. നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കായി നൂറ്റി പത്തോളം ഉദ്യോഗദായകരെ ഉൾപ്പെടുത്തി നിയുക്തി 2018 എന്ന പേരിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു. ജനുവരി 20 ന് കാലടി സർവകലാശാല ക്യാമ്പസിൽ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ജോബ് ഫെയർ അങ്കമാലി എം.എൽ.എ ശ്രീ. റോജി. എം. ജോൺ ഉദ്ഘാടനം ചെയ്തു. സർവകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ചു. 600 ഓളം പേർക്ക് നേരിട്ട് നിയമന ഉത്തരവ് നൽകി 5000 ത്തോളം പേരെ ഷോർട്ട് ലിസ്റ്റ് ചെയ്തും വൻ ജനപങ്കാളിത്തം കൊ ് ശ്രദ്ധേയമായ ഈ തൊഴിൽ മേള രജത ജൂബിലി നിറവിൽ നിൽക്കുന്ന സർവകലാശാലയയുടെ കിരീടത്തിൽ ഒരു പൊൻ തൂവലായി മാറി
5. മലയാള വിഭാഗം മേധാവി ഡോ. കെ.എസ്. രവികുമാർ സർവകലാശാല പ്രോ വൈസ് ചാൻസലറായി 29.01.2018 ന് ചുമതല ഏറ്റെടുത്തു.
6. നാക് ന്റെ നേതൃത്വത്തിൽ ഫെബ്രുവരി 8,9 തീയതികളിൽ ബാംഗ്ളൂരിൽ വച്ച് നടന്ന 'അസ്സസ്സേഴ്സ് ഓറിയന്റേഷൻ' പ്രോഗ്രാമിൽ വൈസ് ചാൻസലർ സംബന്ധിച്ചു.

7. സർവകലാശാലകളുടെ പ്രവർത്തനങ്ങളും സംഭാവനകളും അടുത്തറിയുവാൻ പൊതുജനങ്ങൾക്ക് അവസരം നൽകുന്നതിന് സർക്കാർ രൂപകൽപന ചെയ്ത ശാസ്ത്രയാൻ പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 20,21 തീയതികളിൽ സർവകലാശാലയിൽ ബഹുജന സമ്പർക്ക പരിപാടി വിജയകരമായി സംഘടിപ്പിച്ചു.
8. സംസ്കൃത സർവകലാശാലയിൽ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഫെബ്രുവരി 23ന് ഗവേഷക വിദ്യാർത്ഥികളെ ആദരിക്കുകയു ായി. 2013 ജൂൺ 1 മുതൽ 2018 ജനുവരി 29 വരെയുള്ള കാലയളവിൽ പി.എച്ച്.ഡി നേടിയ 113 ഗവേഷക വിദ്യാർത്ഥികൾക്ക് ബഹു. കേരള ഗവർണ്ണർ റിട്ടയേർഡ് ജസ്റ്റിസ് പി.സദാശിവം മെഡൽ നൽകി.
9. ഫെബ്രുവരി 27 മുതൽ മാർച്ച് 6 വരെ സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലെ സംസ്കൃത അദ്ധ്യാപകർക്കായി 'പുനർ നവ' എന്ന പേരിൽ സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാം വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
10. .സാമൂഹിക പ്രവർത്തന വിഭാഗത്തിന്റെയും പെർഫോമിംഗ് ആർട്ട്സ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ നടന്ന കമ്മ്യൂണിറ്റി എക്സ്റ്റൻഷൻ പ്രോഗ്രാം 'പ്രതിഭാ സാധന' വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. ഈ പരിപാടിയിൽ കഴിഞ്ഞ വർഷം മികച്ച ബാലനടനുള്ള ദേശീയ പുരസ്കാരം നേടിയ ആദിഷ് പ്രവീണിനെ ആദരിച്ചു
11. ഝാർഖണ്ഡിലെ റാഞ്ചി സർവകലാശാലയിൽ വച്ച് നടന്ന 33-ാം ദേശീയ അന്തർ സർവകലാശാലാ യുവജനോത്സവത്തിലും ചെന്നൈയിൽ വച്ച് നടന്ന ദക്ഷിണ മേഖല അന്തർ സർവകലാശാലാ യുവജനോത്സവത്തിലും വിജയികളായ വിദ്യാർത്ഥികളെ മാർച്ച് ര ാം തീയതി സർവകലാശാല സംഘടിപ്പിച്ച ചടങ്ങിൽ അനുമോദിച്ചു.
12. മാർച്ച് 19 മുതൽ 21 വരെ ഉത്തർപ്രദേശിലെ വാരണാസിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ടിബറ്റൻ സ്റ്റഡീസിൽ വെച്ച് നടന്ന അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ 92-ാമത് വാർഷിക യോഗത്തിൽ വൈസ് ചാൻസലർ പങ്കെടുത്തു.
13 സർവകലാശാല സംസ്ഥാനതലത്തിലെ സ്കൂൾ കുട്ടികൾക്കായി നൽകുന്ന സ്കോളർഷിപ്പ് പദ്ധതി പുനരാരംഭിച്ചു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകദേശം പൂർത്തീകരിച്ചിട്ടു ് .
14 ബഹു. ഗവർണ്ണറുടെ നാമനിർദ്ദേശ പ്രകാരം വിവിധ ഫാക്കൽട്ടി ഡീൻമാരെ നിയമിച്ചുകൊ ുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു.
15 ഡീൻമാരിൽ നിന്നും സിൻഡിക്കേറ്റ് പ്രതിനിധിയായി സംസ്കൃത വ്യാകരണ വിഭാഗം ഡീൻ ആയ ഡോ. എം. മണിമോഹനനെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു.
16 26.03.2018 തീയതിയിൽ വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ കേരളത്തിലെ എല്ലാ സർവകലാശാലകളിലേയും പ്രോ വൈസ് ചാൻസലർമാരുടെ യോഗം നടന്നു. പ്രസ്തുത യോഗത്തിൽ ഈ സർവകലാശാലയെ പ്രതിനിധീകരിച്ച് പ്രോ വൈസ് ചാൻസലർ പ്രൊഫസർ കെ.എസ് രവികുമാർ പങ്കെടുത്തു. സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും കോളേജുകളിലും അടുത്ത അധ്യയന വർഷം മുതൽ

ഏകീകൃത പരീക്ഷാ കല റും പുതിയ അവധിക്കാലവും ഏർപ്പെടുത്തണമെന്ന് യോഗം തീരുമാനിച്ചു.

17 സർവകലാശാലയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരിൽ നിന്നും സ്വരൂപിച്ച 12,12,705/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. മാർച്ച് 27-ാം തീയതി നിയമസഭാ മന്ദിരത്തിൽ വച്ചാണ് പ്രസ്തുത തുകയുടെ ചെക്ക് വൈസ് ചാൻസലർ ബഹു. കേരള മുഖ്യമന്ത്രിക്ക് കൈമാറിയത്. രജിസ്ട്രാർ ഡോ. ടി.പി രവീന്ദ്രൻ, സി ിക്കേറ്റ് അംഗം ശ്രീ. ടി.വി രാജേഷ് എം.എൽ.എ എന്നിവരും സന്നിഹിതരായിരുന്നു.

18 സംസ്കൃത സർവകലാശാല പ്രസിദ്ധീകരിച്ച പ്രശസ്ത കവി പ്രഭാവർമ്മ യുടെ ശ്യാമ മാധവം എന്ന ഖണ്ഡ കാവ്യത്തിന്റെ സംസ്കൃത പരിഭാഷയുടെ പ്രകാശനം ജ്ഞാനപീഠ പുരസ്കാര ജേതാവും കേന്ദ്ര സാഹിത്യ അക്കാദമി പ്രസിഡന്റുമായ ഡോ. ചന്ദ്രശേഖര കമ്പാർ ശ്രീ.സി.വി. ത്രിവിക്രമന് നൽകിക്കൊ ് 31.03.2018 ന് തിരുവനന്തപുരം പ്രസ്സ് ക്ളബ്ബിൽ നിർവഹിച്ചു. വൈസ് ചാൻസലർ അദ്ധ്യക്ഷനായ ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫസർ കെ.എസ്. രവികുമാർ സ്വാഗതം ആശംസിച്ചു. ശ്രീ. ജോർജ്ജ് ഓണക്കൂർ, പുരോഗമന കലാ സാഹിത്യ സംഘം ജനറൽ സെക്രട്ടറി പ്രൊഫസർ വി.എൻ മുരളി തുടങ്ങിയവർ പങ്കെടുത്തു

19 മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂരും സർവകലാശാലയിലെ ഇൻടാൻജിബിൾ ഹെറിറ്റേജ് പഠന കേന്ദ്രവും സംയോജിച്ച് സംഘടിപ്പിച്ച ദേശീയ പൈതൃക സെമിനാർ ഏപ്രിൽ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുസിരിസ് അന്തർ ദേശീയ ഗവേഷണ സമ്മേളന നഗറിൽ വച്ചുനടന്നു. സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സെമിനാർ ഉദ്ഘാടനം ചെയ്തു.

20 ഏപ്രിൽ 20 ന് നടത്തിയ ശ്രീ ശങ്കര ജയന്തി ആഘോഷങ്ങളുടെ ഉദ്ഘാടനം കൃഷി മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാർ നിർവഹിച്ചു. ശ്രീ. റോജി എം. ജോൺ എം.എൽ.എ മുഖ്യ അതിഥി ആയിരുന്നു. ജവഹർലാൽ നെഹ്റു സർവകലാശാല സാൻസ്ക്രിറ്റ് ആന്റ് ഇൻഡിക് സ്റ്റഡീസ് വിഭാഗം പ്രൊഫസർ ഡോ. രാംനാഥ് ഝാ വാർഷിക പ്രഭാഷണം നടത്തി. പ്രസ്തുത ചടങ്ങിൽ എൻഡോവ്മെന്റ് അവാർഡുകൾ പ്രോ വൈസ് ചാൻസലർ വിതരണം ചെയ്തു. കൂടാതെ സർവകലാശാല പ്രസിദ്ധീകരിച്ച ഡോ. എം. കൃഷ്ണൻ നമ്പൂതിരിയുടെ ശൈലീ പരിണാമം മലയാള നോവലിൽ, ഡോ. എം. ഐ ജോസഫിന്റെ റിഫ്ളക്ഷൻ ഓൺ എത്തിക്സ് ആന്റ് വാല്യൂസ്, ഡോ. ടി.എസ് ലാൻസ്‌ലെറ്റിന്റെ അർബൻ ലാന്റ് ഓഫ് കൊച്ചിൻ സിറ്റി, ഡോ. ജെ ഓമനയുടെ ദി മേക്കിംഗ് ഓഫ് പ്രിൻസിലി സ്റ്റേറ്റ് അ ർ ബ്രിട്ടീഷ് കൊളോണിയലിസം എന്നീ പുസ്തകങ്ങളുടെ പ്രകാശനവും നടത്തി.

21 2018 അദ്ധ്യയന വർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ മെയ് 15 മുതൽ 21 വരെയുള്ള തീയതികളിൽ നടന്നു.

22 ഇന്ത്യയിലെ 16 സംസ്കൃത സർവകലാശാല വൈസ് ചാൻസലർമാരെ ഉൾപ്പെടുത്തിക്കൊ ുള്ള വൈസ് ചാൻസലർമാരുടെ ദേശീയ സമ്മേളനം 2018 ആഗസ്ത് 6 ന് ഉദ്ഘാടനം ചെയ്യുവാൻ ബഹു. ചാൻസലർ സമ്മതിച്ചിട്ടു ്. ആഗസ്ത് 6, 7 തീയതികളിൽ നടത്തുന്ന ദ്വിദിന സമ്മേളനത്തിൽ അവതരിപ്പിക്കുന്ന വിഷയങ്ങളെപ്പറ്റി തീരുമാനിക്കുവാനും അതിന്റെ തീം തയ്യാറാക്കുവാനും സംസ്കൃത സാഹിത്യ വിഭാഗം ഡീനും പ്രമുഖ സംസ്കൃത

പണ്ഡിതനും ആയ ഡോ. സി രാജേന്ദ്രനെ സർവകലാശാല ചുമതലപ്പെടുത്തി. അദ്ദേഹം വളരെ കാര്യക്ഷമമായി ആ കൃത്യം നിർവഹിച്ചിട്ടുെ ന്ന വിവരം ഈ അവസരത്തിൽ അറിയിക്കുന്നു. 15 വൈസ് ചാൻസലർമാരേയും ക്ഷണിച്ചുകൊ ുള്ള കത്തും അവർക്ക് അവതരിപ്പിക്കുവാനുള്ള വിഷയങ്ങൾ മുൻകൂട്ടി അറിയിക്കാനായി കൺസെപ്റ്റ് നോട്ടും, തീമും അയച്ചുകൊടുത്തിട്ടു ്.

23 സർവകലാശാല അക്കാദമിക സമൂഹം ചിരകാലമായി ആവശ്യപ്പെട്ടിരുന്ന വകുപ്പദ്ധ്യക്ഷന്മാരെ റൊട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്നത് 23.04.2018 മുതൽ സർവകലാശാലയിൽ നടപ്പിലാക്കുകയു ായി. ആയതിന് നല്ല പ്രതികരണമാണ് ലഭിച്ചത്.

24 സർവകലാശാല മുഖ്യകേന്ദ്രത്തിലേയും പ്രാദേശിക കേന്ദ്രങ്ങളിലേയും അദ്ധ്യാപകരുടെ ഈ വർഷത്തെ ജനറൽ ട്രാൻസ്ഫർ ഉത്തരവായി.

25 04.05.2018 ന് നടന്ന സിൻഡിക്കേറ്റ് യോഗ തീരുമാനപ്രകാരം എല്ലാ പഠനവകുപ്പുകളിലേയും ഗസ്റ്റ് ലക്ചറർമാരുടെ ഇന്റർവ്യൂ അതാത് വകുപ്പുകളിൽതന്നെ ഈ മാസം 14 -ാം തീയതി മുതൽ നടത്തുകയു ായി.

26 കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ 16.05.2018 ന് നടത്തിയ ഗവർണേഴ്സ് ബോഡി മീറ്റിംഗിൽ വൈസ് ചാൻസലർ പങ്കെടുത്തു.

27 സർവകലാശാലയുടെ മെയിൻ കാമ്പസിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും 2018-19 വർഷത്തെ ബിരുദ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

28 സർവകലാശാലയിൽ 20.05.2018 ന് ഏലൂർ 22 കേരള ബറ്റാലിയന്റെ നേതൃത്വത്തിൽ എൻ.സി.സി ക്യാമ്പിന് തുടക്കമായി. വൈസ് ചാൻസലർ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു.

29 സർവകലാശാലയുടെ രജത ജൂബിലിയോടനുബന്ധിച്ചുള്ള പൂർവ്വ വിദ്യാർത്ഥി സംഗമം 26.05.2018 ന് നടത്തുന്നതാണ്.

30 ശ്രീ ഗുരുവായൂരപ്പൻ ധർമ്മകലാ സമുച്ചയം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ അഷ്ടപദിയാട്ടം എന്ന കലാരൂപം പുനരുജ്ജീവിപ്പിക്കുന്നതിന് നൃത്ത വിഭാഗം അദ്ധ്യാപകനായ ഡോ. വേണുഗോപാലൻ നായർ സി യുടെ സേവനം ടി ട്രസ്റ്റിന്റെ സ്ഥാപകനായ ഡോ. ഇ. ശ്രീധരൻ ആവശ്യപ്പെട്ടതനുസരിച്ച് സർവകലാശാല വിട്ടുനൽകിയിരുന്നു. സർവകലാശാലയിലെ വിദ്യാർത്ഥികളെയടക്കം പരിശീലിപ്പിച്ച് ഡോ. വേണുഗോപാലൻ നായർ ഈ കലാരൂപം ചിട്ടപ്പെടുത്തുകയും ആയത് ഇന്ത്യയുടെ ബഹുമാനപ്പെട്ട ഉപരാഷ്ട്രപതിയുടെ സാന്നിധ്യത്തിൽ 21.05.2018ന് ഗുരുവായൂരിലെ പൂന്താനം ഓഡിറ്റോറിയത്തിൽ ആദ്യമായി അവതരിപ്പിക്കുകയും ചെയ്തു. സർവകലാശാലയുടെ പങ്കാളിത്തം കൊ ും സഹകരണം കൊ ും ശ്രദ്ധേയമായ ഈ പരിപാടി സർവകലാശാലയുടെ യശസ്സുയർത്തുന്നതും ഭാവിയിൽ നേട്ടങ്ങളു ാക്കാവുന്നതുമാണെന്നും ഇവിടെ റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം ഇതിനു വേ ി പ്രവർത്തിച്ച ഡോ.വേണുഗോപാലൻ നായർക്ക് പ്രത്യേക അഭിനന്ദനവും അർപ്പിക്കുന്നു.

31 കൂടാതെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ പഠന വകുപ്പുകളുടെ നേതൃത്വത്തിൽ ദേശീയ സെമിനാറുകളും ഈ കാലയളവിൽ നടത്തുകയു ായി.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊ ് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

വൈസ് ചാൻസലർക്ക് മെഡിക്കൽ കൺസൾട്ടേഷൻ വേ ി വന്നതിനാൽ ചർച്ചകളുടെ മേൽനോട്ടത്തിന് ബഹു.പ്രോ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി അദ്ധ്യക്ഷ സ്ഥാനം കൈമാറി.

## II പ്രാഥമിക കാര്യപരിപാടി

### ഐറ്റം നം.1

എം.ഫിൽ ട്രാൻസ്ലേഷൻ സ്റ്റഡീസ് എം.ഫിൽ ഹിന്ദിക്ക് തുല്യമാണെന്ന സർട്ടിഫിക്കറ്റ് നൽകുന്നത് – സംബന്ധിച്ച്. (11229/എസിഡി.എ2/2010/എസ്.എസ്.യു.എസ്)

സർവകലാശാലയുടെ എം.ഫിൽ ട്രാൻസ്ലേഷൻ സ്റ്റഡീസും, എം.ഫിൽ ഹിന്ദിയും വ്യത്യസ്ത കോഴ്സുകളാണെന്നതിനാലും സിലബസ് വിഭിന്നമാണെന്ന തിനാലും തുല്യതാ സർട്ടിഫിക്കറ്റ് നൽകാനാവില്ല. ഇക്കാരണത്താൽ ശ്രീ വരുൺ കുമാർ കെ.വി. നൽകിയ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു.

### ഐറ്റം നം. 2

Approval of the minutes of the meeting of Faculty of Other Sanskrit Studies held on 08.01.2018 - reg. (No.Acd.B1/6785/SSUS/2016)

സർവകലാശാലയുടെ സെന്റർ ഫോർ വേദിക് സ്റ്റഡീസ് നടത്തുന്ന കോഴ്സുകളുടെ ഇനി മുതൽ നൽകുന്ന സർട്ടിഫിക്കറ്റുകളിൽ വേദിക് സ്റ്റഡീസ് എന്നതിന് പകരം സംസ്കൃതം വേദിക് സ്റ്റഡീസ് എന്നാക്കുന്നതിനു തീരുമാനിച്ചു. നിലവിലെ വിവിധ സെന്റർ ഓഫ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും, വേദിക് സ്റ്റഡീസിന്റെ ഫാക്കൽറ്റി നിലവിലെ ‘‘അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ്’’ മാറ്റുന്നത് സംബന്ധിച്ചും സെന്ററിന്റെ പേര് സംസ്കൃതം വേദിക് സ്റ്റഡീസ് എന്നാക്കുന്നതും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ.സി.രാജേന്ദ്രൻ, ഡീൻ (കൺവീനർ), ഡോ.എം.എസ്.മുരളീധരൻ പിള്ള, ഡീൻ, ഡോ.എം.മണിമോഹനൻ, ഡീൻ, ഡോ.ടി.ജി.ശ്രീകുമാർ, ഡീൻ, ഡോ.കെ.ജി. രാമദാസൻ, സിൻഡിക്കേറ്റ് അംഗം എന്നിവർ അംഗങ്ങളായ കമ്മിറ്റി രൂപീകരിക്കു വാനും, സംസ്കൃതം വേദിക് സ്റ്റഡീസ് കോഴ്സുകളുടെ അംഗീകാരത്തിനായി ഗവണ്മെന്റിലേക്കും, കെ.പി.എസ്.സി. യ്ക്കും കത്ത് നൽകാനും തീരുമാനിച്ചു.

### ഐറ്റം നം. 3

വിദൂര വിദ്യാഭ്യാസത്തിലൂടെ രാഷ്ട്രീയ സാൻസ്ക്രിറ്റ് സൻസ്ഥാൻ, ന്യൂഡൽഹിയുടെ ആചാര്യ എം.എ. സംസ്കൃതം (സാഹിത്യം സ്പെഷലൈസേഷൻ) കോഴ്സ് പൂർത്തിയാക്കിയ ശ്രീമതി പി.കെ. പ്രീതയ്ക്ക് തുല്യത സർട്ടിഫിക്കറ്റ് നൽകിയത് – സംബന്ധിച്ച്. (നം.എസിഡി.എ2/8693/എസ്.എസ്.യു.എസ്/2015)

സാധൂകരിക്കാൻ തീരുമാനിച്ചു.

## ഐറ്റം നം.4

എത്തിക്സ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്.
(നം.എസിഡി.എ1/8847/എസ്.എസ്.യു.എസ്/2017)

എത്തിക്സ് കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു. സർവകലാശാലയിലെ ഇതര പഠന വിഭാഗങ്ങൾക്ക് കൂടി ബാധകമാകുന്ന വിധത്തിൽ പൊതുവായ യു.ജി.സി. നിർദ്ദേശപ്രകാരമുള്ള ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനു ഒരു കമ്മിറ്റി രൂപീകരിക്കുവാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

## ഐറ്റം നം.5

ഭാഷേതര വിഷയങ്ങൾ മലയാളത്തിൽ എഴുതുന്നതിൽ നിന്നും എം.എസ്.ഡബ്ല്യൂ, എം.പി.എഡ് എന്നീ പ്രൊഫഷണൽ കോഴ്സുകളെ ഒഴിവാക്കിയത് പുന:പരിശോധിക്കുന്നത് – സംബന്ധിച്ച്.
(നം.എസിഡി.ബി2/11993/എസ്.എസ്.യു.എസ്/2014)

എം.എസ്.ഡബ്ല്യൂ, എം.പി.എഡ് കോഴ്സുകളെ ഒഴിവാക്കിയ മുൻ തീരുമാനം പിൻവലിച്ച് എല്ലാ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ഭാഷേതര വിഷയങ്ങൾ മലയാളത്തിലും എഴുതുന്നതിന് നേരത്തേ അനുവാദം നൽകിയിരുന്നത് പുന:സ്ഥാപിക്കാൻ തീരുമാനിച്ചു.

## ഐറ്റം നം.6

Draft Regulations for Internal Quality Assurance Cell - reg.
(No.Pl.D.B/NAAC/09/SSUS/2015) (Deferred by 46th Academic Council)

The Academic Council approved the Regulations for Internal Quality Assurance Cell incorporating the suggestions made in the Academic Council. The modified Regulations for IQAC is appended as Annexure I.

## ഐറ്റം നം.7

ഡോ.എബി കോശി നിർദ്ദേശിച്ച് പ്രൊഫ.എ.പസ്‌ലിത്തിൽ പിന്താങ്ങുന്ന പ്രമേയം

പി.എച്ച്.ഡി. തിസീസ് മൂല്യനിർണ്ണയം നടത്തുന്നവരുടെ പ്രതിഫല തുക വർദ്ധനവും വൈവ വോസി ചെയർമാനുള്ള പ്രതിഫലവും 04.05.2018 തീയതിയിലെ (168th) സിൻഡിക്കേറ്റിൽ തീരുമാനമായതിനാൽ പ്രമേയം അവതാരകൻ പിൻവലിച്ചു.

## ഐറ്റം നം 8

ഡോ.ടി.എസ്. സാജു നിർദ്ദേശിച്ച് ഡോ.ദിലീപ് കെ.ജി. പിന്താങ്ങുന്ന പ്രമേയം

The Academic Council approved the amendments in the resolution proposed by Dr.T.S.Saju and seconded by Dr.K.G.Dilip in Clause IX Evaluation concerning the point 9.2 in M.A. Regulation and 9.3 in M.Sc. Regulations, 2017 as Annexure II.

## സപ്ലിമെന്ററി കാര്യപരിപാടി

## ഐറ്റം നം 1

Awarding of Degree – M.Phil Examinations conducted on January 2018 - reg. (No.ED/11297/SSUS/2012 )

The Academic Council discussed the matter in detail and resolved to approve the award of degrees to 102 candidates who passed M.Phil Degree Examination held in January 2018 and results published on 17.02.2018. List appended as Annexure III.

## ഐറ്റം നം 2

സർവകലാശാല ആയുർവേദ വകുപ്പിന് കീഴിലെ മാസ്റ്റർ ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്എന്ന കോഴ്സിന്റെ അസ്സൽ സർട്ടിഫിക്കറ്റ് നൽകുന്നത് – സംബന്ധിച്ച് (No.ED/8203/SSUS/2014)

നിയമോപദേശം ലഭ്യമാക്കി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

## ഐറ്റം നം 3

വിദ്യാർത്ഥികൾക്ക് സീറോ സെമസ്റ്റർ അനുവദിച്ചത് സാധൂകരണം – സംബന്ധിച്ച് (നം.എസി.ഡി.ബി2/502/2011/എസ്.എസ്.യു.എസ്)

സാധൂകരിച്ചു.

## ഐറ്റം നം 4

ശ്രീമതി റോസ്മേരി പാലാട്ടിയുടെ കോഴ്സ് വർക്ക് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ –സംബന്ധിച്ച് (നം : അക്കാദമിക് (എ1)/11460/ എസ്.എസ്.യു.എസ്/2016)

നിയമാനുസൃതം കോഴ്സ് വർക്ക് പൂർത്തീകരിക്കുന്നവർക്ക് മാത്രമേ കോഴ്സ് വർക്ക് സർട്ടിഫിക്കറ്റിന് അർഹതയുള്ളൂ. അപ്രകാരം അപേക്ഷകയായ ശ്രീമതി റോസ്മേരി പാലാട്ടിയെ അറിയിക്കുന്നതിന് നിർദ്ദേശിച്ചു. കൂടാതെ അടുത്ത ബാച്ചിനോടൊപ്പം കോഴ്സ് വർക്ക് ചെയ്യാൻ ടിയാന് അനുവാദവും നൽകി.

## ഐറ്റം നം 5

ഇന്ദിരാഗാന്ധി സെന്റർ ഫോർ ജന്റർ സ്റ്റഡീസിനെ മറ്റൊരു പഠന വകുപ്പുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് അക്കാദമിക് ആന്റ് റിസർച്ച് സ്ഥിരം സമിതി മുഖേന സിൻഡിക്കേറ്റിന് സമർപ്പിച്ചത് റിപ്പോർട്ട് ചെയ്യു ന്നത് – സംബന്ധിച്ച്.(നം:എസിഡി.ബി1/10533/എസ്.എസ്.യു.എസ്/2005)

സെൻ്ററിൻ്റെ പേര് അതേ പടി നിലനിറുത്തി ചരിത്ര വകുപ്പിനോട് ബന്ധിപ്പിക്കാനും ദാക്ഷായണി വേലായുധന്റെ പേരിൽ അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുതിയൊരു പഠന കേന്ദ്രം ആരംഭിക്കുവാനും തീരുമാനിച്ചു.

## ഐറ്റം നം 6

Award of Ph.D to various candidates – reg. (No.EA/4513/2010/SSUS)

The Academic Council resolved to confer the award of Ph.D Degree to 19 candidates in their respective faculties. The details of candidates are appended as Annexure IV.

## ഐറ്റം നം.7

Introduction of Rotation System to Headship – nomination of Faculties to the Head of Departments - ratification – reg.

(No.4688/Ad.A3/SSUD/2016 (2))

The Academic Council ratified the action taken by the Vice Chancellor for introduction of Rotation System to Headship, the nominations of the Heads and the continuation of Heads who have not completed 3 years. Also approved the assignment of duties of teacher in charge of Bharathanatyam to Dr.C.Venugopalan Nair.

Dr.K.K.Viswanathan, Dr.K.G.Ramadasan and Dr.Babu Joseph dissented stating that the decision was against the existing provisions in the Act and Statutes of the University.

## ഐറ്റം നം.8

യു.ജി.സി.യുടെ പ്ലാഗിയറിസം റഗുലേഷൻ 2017 കരട് പരിശോധനാ കമ്മിറ്റി സമർപ്പിച്ച റഗുലേഷൻ 2018 – അംഗീകാരം – സംബന്ധിച്ച് (No.Acd.B1/14928/SSUS/2017)

വിശദമായി പഠിക്കുന്നതിന് അടുത്ത അക്കാദമിക് കൗൺസിലിലേക്ക് മാറ്റിവച്ചു.

## അഡീഷണൽ അജ

## ഐറ്റം നം.1

ശ്രീ കലാമണ്ഡലം ഗോപി, പ്രൊഫ.എം.കെ.സാനു, പ്രൊഫ.എൻ.വി.പി. ഉണിത്തിരി എന്നീ പ്രതിഭകളെ ഡി.ലിറ്റ് ഡിഗ്രി നൽകി ആദരിക്കുന്നത് –സംബന്ധിച്ച്. (നം.എസി.ഡി.സി2/7580/എസ്.എസ്.യു.എസ്/2018)

സർവകലാശാല ആക്ട്, വകുപ്പ് 17 (2) (a) (ii), സ്റ്റാറ്റ്യൂട്ട് അധ്യായം 6, I (iii), അധ്യായം XIII, I വകുപ്പുകൾ പ്രകാരം, പത്മശ്രീ കലാമണ്ഡലം ഗോപി

(പെർഫോമിംഗ് ആർട്ട്സ്), പ്രൊഫ.എം.കെ.സാനു (സാഹിത്യം), പ്രൊഫ.എൻ.വി.പി.ഉണിത്തിരി (സംസ്കൃതം) എന്നിവർക്ക് അവരവരുടെ മേഖലകളിൽ കൈവരിച്ച മികവ്, വിലമതിക്കാനാവാത്ത സംഭാവനകൾ എന്നിവ പരിഗണിച്ച് സർവകലാശാലയുടെ ഉന്നത ബിരുദമായ ഡി.ലിറ്റ് നൽകുന്നതിനുള്ള സിൻഡിക്കേറ്റ് ശുപാർശ ഐകകണ്ഠേന അംഗീകരിച്ചു.

## ഐറ്റം നം.2

ഗവേഷണം പാർട്ട്ടൈം ആക്കുന്നത് - സംബന്ധിച്ച്.
(നം.എസി.ഡി.എ1/842/എസ്.എസ്.യു.എസ്/2016)

1. ഗവേഷണത്തിന്റെ ഭാഗമായ കോഴ്സ് വർക്കിന്റെ വ്യവസ്ഥകൾക്കനുസരിച്ച് പൂർത്തിയാക്കിയാൽ മാത്രമേ അപേക്ഷകരായ ഗവേഷകരുടെ രജിസ്ട്രേഷൻ പാർട്ട് ടൈം ആക്കുന്നതിന് സാധിക്കുകയുള്ളൂ.
2. 19.01.2016 തീയതിയിൽ രജിസ്ട്രേഷൻ ലഭിച്ച ശ്രീമതി സുജ മാത്യു, ശ്രീമതി മഞ്ജുഷ മധുസൂദനൻ എന്നിവർ നിർദ്ദിഷ്ട 6 മാസ കാലാവധി പൂർത്തിയാക്കാതെയും, നിയമാനുസൃത ഹാജർ രേഖപ്പെടുത്താതെയും ആണ് കോഴ്സ് വർക്ക് പൂർത്തീകരിച്ചത്. അതിനാൽ ഇവർക്ക് ലഭിച്ച കോഴ്സ് വർക്ക് പരീക്ഷാ അനുമതിയും, ഹാജരായ പരീക്ഷകളും റദ്ദാക്കുവാൻ തീരുമാനിച്ചു.
3. നിയമാനുസൃതം കോഴ്സ് വർക്ക് പൂർത്തീകരിച്ചാൽ മാത്രമേ പാർട്ട് ടൈം രജിസ്ട്രേഷൻ നൽകാനാവൂ എന്നതിനാൽ ശ്രീമതി മഞ്ജുഷ മധുസൂദനന് നൽകിയ പ്രൊവിഷണൽ പാർട്ട് ടൈം രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് തീരുമാനിച്ചു.
4. മേൽ വിവരിച്ച കാര്യങ്ങളടക്കം അഡ്മിഷനിലും പരീക്ഷാ നടത്തിപ്പിലും ഇംഗ്ലീഷ് വകുപ്പിന്റെ വീഴ്ചകൾ പരിശോധിക്കുന്നതിന് ഡോ.നെസി ഡാനിയേൽ (സിൻഡിക്കേറ്റ് അംഗം) ചെയർമാനായും, ഡോ.എം.മണിമോഹനൻ (സിൻഡിക്കേറ്റ് അംഗം), ഡോ.കെ.വി.അജിത് കുമാർ (കൺവീനർ) എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ചു.

## ഐറ്റം നം.3

പ്ലസ് ടു കോഴ്സിന്റെ മാർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ സർട്ടിഫിക്കറ്റിലേക്കു സംയോജിപ്പിച്ച് 12-ാം ക്ലാസ്സ് സർട്ടിഫിക്കറ്റ് നേടുന്നവർക്ക് സംസ്കൃത സർവകലാശാലയിൽ ബിരുദ പ്രവേശനത്തിന് എലിജിബിലിറ്റി നൽകുന്നത് -സംബന്ധിച്ച്.
(നം: എസിഡി.എ2/5457/എസ്.എസ്.യു.എസ്/2010)

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂൾ യോഗ്യതകൾ നേടിയ വിദ്യാർത്ഥികൾ ഡിഗ്രി പ്രവേശനത്തിന് അപേക്ഷയോടൊപ്പം കേരള സ്റ്റേറ്റ് ഹയർ സെക്കന്ററി ബോർഡിൽ നിന്നും തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കേ തുള്ളൂ. ഇക്കാര്യം ഈ വർഷത്തെ നോട്ടിഫിക്കേഷനിൽ ചേർക്കാൻ തീരുമാനിച്ചു.

2. 2017ൽ പ്രവേശനം ലഭിച്ച അഭിനന്ദ് പി.എം., ശ്രീജിത് കെ.എസ്. എന്നീ വിദ്യാർത്ഥികൾ ര ് സെമസ്റ്റർ കാലാവധി പൂർത്തിയാക്കിയത് പരിഗണിച്ച് പ്രത്യേകാനുമതി നൽകി ഡിഗ്രി പഠനം പൂർത്തിയാക്കുന്നതിന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

## ഇതര ഇനങ്ങൾ

സർവകലാശാല യൂണിയൻ ചെയർപേഴ്സൺ സർവകലാശാലയിൽ പുതിയതായി ഡാൻസ്, തീയറ്റർ, സോഷ്യൽ വർക്ക്, ഫിസിക്കൽ എഡ്യുക്കേഷൻ എന്നീ വകുപ്പുകളിൽ എം.ഫിൽ, പി.ഡി.എഫ് കോഴ്സുകൾ തുടങ്ങുന്നതിന് നടപടി കൈക്കൊള്ളണമെന്ന പ്രമേയം അവതരിപ്പിച്ചു. ഇക്കാര്യങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ, യോഗ്യരായ അധ്യാപകരുടെ സേവനം, നിയമവ്യവസ്ഥകൾ എന്നീ കാര്യങ്ങൾ പരിശോധിച്ച ശേഷം, ഉചിത നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചു.

യോഗം 2 മണിയ്ക്ക് സമാപിച്ചു.

**ഒപ്പ്**
**വൈസ് ചാൻസലർ**